# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.421

## 29-01-2019 - ലെ മറുപടിക്ക്

### മാനന്തവാടി നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.ഒ.ആർ.കേളു | മറുപടി<br>ശ്രീ.കെ.എൻ. ബാലഗോപാൽ<br>(ബഹു.ധനകാര്യ വകുപ്പുമന്ത്രി) |
|---|---|
| എ) മാനന്തവാടി നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | മാനന്തവാടി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| ബി)മാനന്തവാടി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിരവിൽപുഴ ബസ് സ്റ്റാന്റ് നിർമ്മാണം എന്ന പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ? | മാനന്തവാടി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിരവിൽപുഴ ബസ് സ്റ്റാന്റ് നിർമ്മാണം എന്ന പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| ആസ്തി വികസന പദ്ധതി - മാനന്തവാടി | | | |
|---|---|---|---|
| എം.എൽ.എ : ശ്രീ.ഒ.ആർ.കേളു | | | |
| (2016-17) | | | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
| 1 | കല്ലുമൊട്ടംകുന്ന് കുടിവെള്ള പദ്ധതി | 34 | COMPLETED |
| 2 | പനവല്ലി അപ്പപ്പാറ റോഡ് ടാറിംഗ് (തിരുനെല്ലി പഞ്ചായത്ത്) | 43 | COMPLETED |
| 3 | ഹോമിയോ ആശുപത്രി കെട്ടിടം, കാട്ടിക്കുളം (തിരുനെല്ലി പഞ്ചായത്ത്) | 24.77 | COMPLETED |
| 4 | വാളാട് ഹോമിയോ ആശുപത്രി കെട്ടിടം (തവിഞ്ഞാൽ പഞ്ചായത്ത്) | 25 | COMPLETED |
| 5 | പേര്യ ഗവ: യു.പി. സ്കൂൾ കെട്ടിട നിർമ്മാണം (തവിഞ്ഞാൽ പഞ്ചായത്ത്) | 25 | COMPLETED |
| 6 | നിരവിൽപുഴ ബസ് സ്റ്റാന്റ് നിർമ്മാണം (തൊണ്ടർനാട് പഞ്ചായത്ത്) | 35 | WORK ONGOING |
| 7 | കാഞ്ഞിരങ്ങാട് കമ്മ്യൂണിറ്റി ഹാൾ (തൊണ്ടർനാട് പഞ്ചായത്ത്) | 30 | COMPLETED |
| 8 | വെള്ളമുണ്ട ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം(വെള്ളമുണ്ട പഞ്ചായത്ത്) | 45 | COMPLETED |
| 9 | തരുവണ ജി. യു.പി സ്കൂൾ കെട്ടിടം (വെള്ളമുണ്ട പഞ്ചായത്ത്) | 25 | COMPLETED |
| 10 | ഇലക്ട്രിക് ശ്മശാനം (പനമരം പഞ്ചായത്ത്) | 19.5 | NOT STARTED, Suitable land not availed |
| 11 | കെ.എസ്.ആർ.ടി.സി. ഗ്യാരേജ് യാർഡ് നിർമ്മാണം (മാനന്തവാടി) | 49.53 | COMPLETED |
| 12 | എടവക ഗ്രാമ പഞ്ചായത്തിലെ ദ്വാരക ഗവ പോളിടെക്നിക് കോളേജിന് അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണം | 68.5 | COMPLETED |
| 13 | തിണ്ടുമ്മൽ പുഴയ്ക്ക് കുറുകെ പാലം നിർമ്മാണം | 75 | COMPLETED |

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - മാനന്തവാടി നിയോജകമണ്ഡലം- തൊണ്ടർനാട് പഞ്ചായത്ത് -നിരവിൽപ്പുഴ ബസ് സ്റ്റാന്റ് നിർമ്മാണം -നിലവിലുള്ള കെട്ടിടത്തിനു മുകളിൽ നില പണിയുന്ന പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം./2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 00.02.2019

വായന:- 1. 11/06/2012 ലെ സർക്കാർ ഉത്തരവ് (പി). 332/12/ധന.

2. 17.06.2017 ലെ സർക്കാർ ഉത്തരവ് (സാധാ.) നം.288/17/ഗതാ.

3. 31.3.2018 ലെ 316 / N C C /2017 /ധന നമ്പർ അനൗദ്യോഗിക കുറിപ്പ്

4. 06.07.2018 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.318/2018/ഗതാ.

5 പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എൻജിനീയറുടെ 31/03/2017 ലെ സിഇ/ബിഎൽ/പിഎൽജി/2125/17 നം.കത്ത്.

6 സർക്കുലർ നം.54/2014/ ധന തീയതി 03/06/2014.

## ഉത്തരവ്

മാനന്തവാടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഒ.ആർ കേളുവിന്റെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും തൊണ്ടർനാട് പഞ്ചായത്തിലെ നിരവിൽപ്പുഴ ബസ് സ്റ്റാന്റ് നിർമ്മാണം നിലവിലുള്ള കെട്ടിടത്തിനു മുകളിൽ നില പണിയുന്ന പ്രവർത്തിയ്ക്ക് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ആകെ അടങ്കൽ തുകയായ 35 ലക്ഷം രൂപയ്ക്ക് (മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നല്കുകയും ഈ പ്രവൃത്തി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതിനാൽ പരാമർശം(3) ഉത്തരവ് പ്രകാരം ടി സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും ചീഫ് എൻജിനിയർ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനന്തവാടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഒ.ആർ കേളുവിന്റെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും തൊണ്ടർനാട് പഞ്ചായത്തിലെ നിരവിൽപ്പുഴ ബസ് സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടത്തിനു മുകളിൽ നില പണിയുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് ആകെ അടങ്കൽ തുകയായ 35 ലക്ഷം രൂപയ്ക്ക് (മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിക്കണമെന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയതു് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി. എ.ഡി. എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് ,തിരുവനന്തപുരം

ചീഫ് എൻജിനീയർ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

സെക്രട്ടറി , തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

ധനകാര്യ വകുപ്പ് 316/NC-C1/2017 ധനകാര്യ(നോഡൽ സെന്റർ-സി)വകുപ്പ് തി 31.03.2018)

ത.സ്വ .ഭ .വ (ഒ .എസ് )വകുപ്പ് (ഡി .ബി .2/202/2018/ ത.സ്വ ഭ .വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ